# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1118      05.03.2020-ൽ മറുപടി നൽകേണ്ടത്

## കൃഷ്ണപുരം വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി യു. പ്രതിഭ | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കായംകുളത്തെ കൃഷ്ണപുരം ഗവ.വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ടെക്നിക്കൽ ഹൈസ്കൂളിന്റെ കെട്ടിടവും, വർക്ക്ഷോപ്പും, ലബോറട്ടറിയും ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | എങ്കിൽ ക്ലാസ്സ് മുറികൾ, സ്റ്റാഫ്റൂം, ലബോറട്ടറി, ശൗചാലയങ്ങൾ, സൈക്കിൾഷെഡ് തുടങ്ങിയവയ്ക്ക് ആവശ്യമായ കെട്ടിടം നിർമ്മിച്ച് കൃഷ്ണപുരം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | കൃഷ്ണപുരം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ നിരാക്ഷേപ പത്രം ലഭിക്കുന്നതിനായുള്ള പ്രൊപ്പോസൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് നല്കിയിട്ടുണ്ട്. പ്രസ്തുത വകുപ്പിൽ നിന്നും നിരാക്ഷേപ പത്രം ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.